പന്മനയിൽ ശുദ്ധജല വിതരണ പദ്ധതി

51 [2768] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഐ.സി. ധനസഹായത്താൽ ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ നിന്നും പന്മനയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശാസ്താംകോട്ട തടാകക്കരയിൽ നിലവിലുള്ള കിണറാണ് ഈ പദ്ധതിയുടെ സ്രോതസ്സ്. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള ടെണ്ടർ വിളിച്ച് പരിശോധിച്ചു വരുന്നു. പ്രധാന ജലസംഭരണിക്കുള്ള സ്ഥലം ഇപ്പോഴാണ് ലഭിച്ചത്. ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ജലസംഭരണിക്കു വേണ്ട സ്ഥലം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ത്വരിതഗതിയിൽ നടപ്പാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ആവിക്കൽതോട് പൂർണ്ണമായും നിർമ്മിക്കാൻ നടപടി

52 [2769] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കടൽത്തീര പ്രദേശമായ ആവിക്കൽ തോട് പൂർണ്ണമായും നിർമ്മിക്കാത്തതുമൂലം മഴക്കാലത്ത് വെള്ളം ഒഴുകിപ്പോകാതെ ആ പ്രദേശത്തുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവിക്കൽ തോട് പുനർനിർമ്മാണത്തിനുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയകടവ് ബീച്ചിൽ ബീച്ച് റോഡിന് പടിഞ്ഞാറ് ഭാഗത്ത് ചാലുകീറി നീരൊഴുക്കു സാദ്ധ്യമാക്കുന്നതിന് ആവിക്കൽ തോടിന്റെ നിർമ്മാണം നടത്തുന്നതിന് വേണ്ടി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ഇല്ല.

(ഡി) സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂർ മേഖലയിലെ കുടിവെള്ള ക്ഷാമം

53 [2770] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മേഖലയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇവ നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) നാട്ടിക ഫർക്ക ജലസേചന പദ്ധതിയിൽ നിന്ന് കൊടുങ്ങല്ലൂർ പ്രദേശത്തേക്ക് കൂടുതൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊടുങ്ങല്ലൂർ മേഖലയിൽ നിലവിലുള്ള നാട്ടിക ഫർക്ക വാട്ടർ സപ്ലൈ സ്കീം, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും ചാലക്കുടിപ്പുഴ ആസ്ഥാനമാക്കിയുള്ള ഒരു പദ്ധതി എന്നിവയ്ക്കുപുറമേ മേത്തല പഞ്ചായത്തിനുവേണ്ടി 993 ലക്ഷം രൂപയുടെ ഒരു പദ്ധതിയും ഏരിയാട് സെൻസസ് ടൗണിനുവേണ്ടി 571 ലക്ഷം രൂപയുടെ ഒരു പദ്ധതിയും എടവിലങ്ങ് അഴീക്കോട് വില്ലേജുകൾക്കുവേണ്ടി 580 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ താൽക്കാലികമായി നാട്ടിക ഫർക്ക വാട്ടർ സപ്ലൈ സ്കീമിൽനിന്നും ഏറിയാട് പഞ്ചായത്തിലേക്ക് പ്രതിദിനം 7 ലക്ഷം ലിറ്റർ ജലം നൽകി വരുന്നു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ മേഖലയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പണികൾ നടത്തിവരുന്നു.

(ബി) ദീർഘകാല അടിസ്ഥാനത്തിലുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സിന്റെ പണികൾ പുരോഗമിച്ചു വരുന്നു. ശുദ്ധീകരണ ശാലയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എടവിലങ്ങ് ഒ.എച്ച്. ടാങ്കിന്റെ പണി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു. അഴീക്കോട് ടാങ്കിന്റെ വർക്ക് ഓർഡർ നൽകി. അഷ്ടമിച്ചിറയിൽ നിർമ്മിക്കേണ്ട ഇന്റർ മീഡിയേറ്റ് ഉപരിതല ടാങ്കിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly